"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - തിരുവനന്തപുരം ഇടവ എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി. ശ്രീമതി ജയപ്രതിഭ ബി.ജെ. സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1473/2026/GEDN തീയതി,തിരുവനന്തപുരം, 20-02-2026

---

പരാമർശം:-

1. ശ്രീമതി ജയപ്രതിഭ ബി.ജെ. സമർപ്പിച്ച 17/01/2025-ലെ റിവിഷൻ ഹർജി.
2. ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 18/07/2025-ലെ ബി4/1291/2024 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 19/07/2025-ലെ ഇടി5/12552/2025/ഡിജിഇ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ഇടവ എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്.ലെ എച്ച്.എസ്.റ്റി. ശ്രീമതി ജയപ്രതിഭ ബി.ജെ. യുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 31/07/2025 തീയതിയിൽ വാദം കേൾക്കുകയുണ്ടായി.

**2.ഹർജിക്കാരിയുടെ വാദം താഴെപ്പറയും പ്രകാരം ആയിരുന്നു.**

"ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള ഇടവ, എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്. ൽ ശ്രീമതി ജയപ്രതിഭ ബി.ജെ. യെ എച്ച്.എസ്.റ്റി. (മലയാളം) ആയി, ശ്രീ.അബ്ദുൾ ജലീൽ എച്ച്.എസ്.റ്റി. (മലയാളം) 01/06/2020 മുതൽ എച്ച്.എം. ആയി പ്രൊമോട്ട് ചെയ്യപ്പെട്ടതുമൂലം നിലവിൽ വന്ന ഒഴിവിൽ 13/01/2022 മുതൽ നിയമിക്കുകയും ആയത് ഭിന്നശേഷി സംവരണ നിയമനത്തിന് വിധേയമായി, താൽക്കാലികാടിസ്ഥാനത്തിൽ, ശമ്പള സ്കെയിലിൽ അംഗീകരിക്കപ്പെട്ട്, തുടർന്നുവരികയുമായിരുന്നു.

അതേസമയം, ഈ സ്കൂളിൽ എച്ച്.എസ്.റ്റി. (മലയാളം) ആയുള്ള ടിയാരിയുടെ ആദ്യ നിയമനം ശ്രീമതി ആർ.തങ്കമണി എച്ച്.എസ്.റ്റി. (മലയാളം) 31/03/2020-ൽ റിട്ടയർ ചെയ്തതുമൂലം നിലവിൽ വന്ന എച്ച്.എസ്.റ്റി. (മലയാളം) ഒഴിവിൽ 11/09/2020 മുതലായിരുന്നു. മേൽപ്പറഞ്ഞ സ്ഥിരീകരിക്കപ്പെട്ട റിട്ടയർമെന്റൊഴിവിൽ, valid approval ഉള്ള മാനേജരായ ശ്രീമതി കെ.എ.ഹഫ്സാനയാണ് "സമന്വയ" വഴി കെ.ഇ.ആർ. ചട്ടങ്ങൾ പ്രകാരം ശ്രീമതി ജയപ്രതിഭ ബി.ജെ.യുടെ നിയമനം നടത്തിയത്. നിയമനത്തീയതിയായ 11/09/2020 മുതൽ തന്നെ എച്ച്.എസ്.റ്റി. (മലയാളം) ആയി ടിയാരി ഡ്യൂട്ടിയിൽ പ്രവേശിച്ച് തുടർന്ന് വരുകയും

ചെയ്തിരുന്നു. എന്നാൽ പിന്നീട് കോവിഡ്-19 ബാധ രൂക്ഷമായതിനെ തുടർന്ന് സ്കൂളുകൾ പ്രവർത്തിക്കാനാകാതെ വരുകയും 2020-2021 വർഷം പുതിയ നിയമനങ്ങൾ നടത്തുന്നത് ഗവൺമെന്റ് നിരോധിക്കുകയും ചെയ്തതോടെയാണ് ടിയാരിക്ക് ജോലിയിൽ തുടരാനായില്ല. "കോവിഡ്-19 സാഹചര്യത്തിൽ നാളിതുവരെ സ്കൂൾ തുറന്ന് പ്രവർത്തിക്കാനാകാത്തതിനാൽ നിയമനാംഗീകാര പ്രൊപ്പോസൽ തിരികെ നൽകുന്നു" എന്ന് രേഖപ്പെടുത്തി സമന്വയ വഴിയുള്ള ടിയാരിയുടെ നിയമനാംഗീകാര പ്രൊപ്പോസൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് തിരികെ നൽകിയിരുന്നു. ഇതിനെതിരെ അന്നത്തെ മാനേജരായ ശ്രീമതി കെ.എ.ഹഫ്സാന WP(C)No.176/2021 ഹർജി തീർപ്പാക്കി 18/01/2021-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ, സ്കൂൾ ഭാഗികമായി തുറന്ന സാഹചര്യത്തിൽ, മാനേജർ ശ്രീമതി ജയപ്രതിഭ ബി.ജെ.-യുടെ നിയമനാംഗീകാര പ്രൊപ്പോസൽ പുനഃസമർപ്പിച്ചാൽ ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമാനുസരണം പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ സമയം നിയമനനിരോധനം നിലനിന്നിരുന്നതിനാൽ, മാനേജർക്ക് ശ്രീമതി ജയപ്രതിഭ ബി.ജെ.-യുടെ നിയമനാംഗീകാര പ്രൊപ്പാസൽ പുനഃസമർപ്പിക്കാനായില്ല. മാത്രമല്ല, 28/02/2021 ൽ മാനേജരായ ശ്രീമതി കെ.എ.ഹഫ്സാനായുടെ കാലാവധി തീരുകയും ചെയ്തു. തുടർന്ന്, ബൈലാ പ്രകാരം 01/03/2021 മുതൽ ചാർജെടുത്ത പുതിയ മാനേജരായ ശ്രീ.കെ.എസ്.അൻസാരിയാകട്ടെ മേൽപ്പറഞ്ഞ കോടതിവിധി നടപ്പിലാക്കാൻ തുടർനടപടിയൊന്നും കൈക്കൊണ്ടതുമില്ല. 2021 ജൂണിൽ സ്കൂൾ തുറന്നെങ്കിലും, മാനേജർ മാറ്റംമൂലം, 18/01/2021-ലെ മേൽപ്പറഞ്ഞ കോടതിവിധിയും അതുവഴി ശ്രീമതി ജയപ്രതിഭ ബി.ജെ.-ക്ക് ലഭിക്കേണ്ടിയിരുന്ന പുനർനിയമനവും അട്ടിമറിക്കപ്പെടുകയാണുണ്ടായത്. തന്മൂലം, സർവ്വീസിന് പുറത്ത് നിൽക്കാൻ ശ്രീമതി ജയപ്രതിഭ ബി.ജെ. നിർബന്ധിതയാകുകയായിരുന്നു. അതേസമയം, സ.ഉ.(സാധാ) നമ്പർ/3287/2021/പൊ.വി.വ തീയതി 06/07/2021 റിട്ടയർമെന്റ്, രാജി, പ്രമോഷൻ തുടങ്ങിയ റെഗുലർ ഒഴിവുകളിൽ, കോവിഡ് ബാധക്ക് ശേഷം 2021-2022 ൽ സ്കൂളുകൾ തുറന്ന സാഹചര്യത്തിൽ 15/07/2021 മുതൽ നിയമനം നടത്താൻ ഗവൺമെന്റ് ഉത്തരവായിരുന്നു. ആ സമയം നിയമനാംഗീകാരമില്ലാതെ തുടർന്നുവന്ന മാനേജരായ ശ്രീ.കെ.എസ്. അൻസാരി, 2021-22 ൽ സ്കൂൾ പൂർണ്ണമായി തുറന്ന തീയതി മുതൽ ശ്രീമതി ജയപ്രതിഭ ബി.ജെ.യെ സ്കൂളിൽ പ്രവേശിപ്പിക്കുകയോ, 15/07/2021 മുതൽ പുനർനിയമിക്കുകയോ ചെയ്തിട്ടില്ല. മാത്രമല്ല, സ്കൂൾ തുറന്ന ദിവസം ഡ്യൂട്ടിയിൽ പ്രവേശിക്കാനെത്തിയ ടിയാരിയെ മാനേജരുടെ അനുമതിയില്ലായെന്ന കാരണം പറഞ്ഞ് എച്ച്.എം. ഡ്യൂട്ടിയിൽ പ്രവേശിപ്പിക്കാതെ, പുറത്താക്കുകയാണുണ്ടായത്. ചുരുക്കത്തിൽ, 18/01/2021 ലെ ഹൈക്കോടതി വിധിന്യായത്തിലെ നിർദ്ദേശം ബോധപൂർവ്വം അവഗണിച്ച്, മാനേജർ എന്നെ സർവ്വീസിൽനിന്നും പുറത്താക്കുകയാണുണ്ടായത്.

എന്നാൽ, 28/02/2021 വരെ ഈ സ്കൂളിന്റെ അംഗീകൃത മാനേജരായിരുന്ന ശ്രീ.കെ.എ.ഹഫ്സാനയും ശ്രീമതി ജയപ്രതിഭ ബി.ജെ.യും ശ്രീമതി ജയപ്രതിഭ ബി.ജെ. യോടൊപ്പം 11/09/2020 മുതൽ നിയമിക്കപ്പെട്ടിരുന്ന ശ്രീമതി അജിത എ.എൽ. എച്ച്.എസ്.റ്റി.(മലയാളം)യും ചേർന്ന്, 2021-2022 സ്കൂൾ പൂർണ്ണമായി തുറക്കുന്നമുറയ്ക്ക് ശ്രീമതി ജയപ്രതിഭ ബി.ജെ.-ക്കും ശ്രീമതി അജിതക്കും പുനർനിയമനം നൽകണമെന്നും ആ തീയതി മുതൽ അവരെ ഹാജർമാർക്ക് ചെയ്യാനനുവദിക്കണമെന്നും അപേക്ഷിച്ചുകൊണ്ടു വീണ്ടും ബഹു.ഹൈക്കോടതിയിൽ റിട്ട് ഹർജി 3537/2021 ഫയൽ ചെയ്തിരുന്നു. 01/03/2021 മുതൽ പുതിയ മാനേജരായി സ്ഥാനമേറ്റ ശ്രീ.കെ.എസ്.അൻസാരിക്ക്, മാനേജിംഗ് കമ്മിറ്റി

അംഗങ്ങളിൽ ചിലർ, ടിയാൻ മാനേജരാകുന്നതിനെതിരെ ഉന്നയിച്ച തടസ്സവാദങ്ങൾമൂലം അംഗീകാരം ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ തന്റെ നിയമനം അംഗീകരിക്കാൻ ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് ടിയാൾ ബഹു.ഹൈക്കോടതിയിൽ WP(C)No.17595/2021 എന്നൊരു റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ടായിരുന്നു. മേൽപ്പറഞ്ഞ രണ്ട് റിട്ട് ഹർജികളും സംയുക്തമായി തീർപ്പാക്കി, 04/02/2022 ൽ ബഹു. ഹൈക്കോടതി ഉത്തരവ് പുറത്തിറക്കിയിരുന്നു. ഹർജിക്കാരായ 2 അദ്ധ്യാപകരും, 01/03/2021 മുതൽ നിയമനാംഗീകാരമില്ലാതെ തുടർന്നിരുന്ന മാനേജരായ ശ്രീ.കെ.എസ്.അൻസാരിയും മുൻമാനേജർ ശ്രീമതി കെ.എ.ഹഫ്സാനയുമടക്കം മറ്റ് 11 മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ചേർന്ന്, ബഹു. കോടതി നിയോഗിച്ച 'മീഡിയേറ്റർ വഴി', കേസ് ഒത്തുതീർപ്പാക്കിയതംഗീകരിച്ചാണ് ബഹു. കോടതി കേസ് തീർപ്പാക്കിയത്. ഒത്തുതീർപ്പ് വ്യവസ്ഥ അനുസരിച്ച്, 01/06/2020 മുതൽ നിലവിൽ വന്ന എച്ച്.എസ്.റ്റി. (മലയാളം) ഒഴിവിൽ ശ്രീമതി ജയപ്രതിഭ ബി.ജെ.-യെ നിയമിക്കണമെന്ന് ബഹു.കോടതി നിർദ്ദേശിച്ചിരുന്നു. ഇതനുസരിച്ചാണ് ശ്രീ. അബ്ദുൾ ജലീൽ എച്ച്.എസ്.റ്റി. (മലയാളം) എച്ച്.എം. ആയി പ്രൊമോട്ട് ചെയ്യപ്പെട്ട ഒഴിവിൽ ശ്രീമതി ജയപ്രതിഭ ബി.ജെ.-യെ 13/01/2022 മുതൽ എച്ച്.എസ്.റ്റി. (മലയാളം) ആയി മാനേജർ നിയമിച്ചത്. ശ്രീമതി ജയപ്രതിഭ ബി.ജെ.-യുടെ 11/09/2020 മുതലുള്ള നിയമന സീനിയോറിറ്റി പരിഗണിച്ചും, ബഹു. ഹൈക്കോടതിയുടെ 18/01/2021-ലെ വിധിന്യായം കണക്കിലെടുത്തും, 01/06/2020 മുതൽ നിലവിൽ വന്ന 2 എച്ച്.എസ്.റ്റി. (മലയാളം) റെഗുലർ ഒഴിവുകളിൽ ഒന്നിൽ ടിയാരിയെ 2021-2022-ൽ, 15/07/2021 മുതൽ നോഷണലായും ഹാജർമാർക്ക് ചെയ്ത് ജോലിയിൽ തുടരാൻ അനുമതി കിട്ടിയ 13/01/2022 മുതൽ ശമ്പളമടക്കമുള്ള ആനുകൂല്യങ്ങളോട് കൂടിയും എന്ന നിലയിൽ നിയമനം നൽകേണ്ടതായിരുന്നു. എന്നാൽ, 15/07/2021 മുതൽ ടിയാരിക്ക് ലഭിക്കേണ്ട നിയമനം, 18/01/2021 ലെ കോടതിവിധി പൂർണ്ണമായും അവഗണിച്ചും 04/02/2022 ലെ കോടതിവിധി തെറ്റായ രീതിയിൽ നടപ്പിലാക്കിയും അട്ടിമറിക്കുകയാണുണ്ടായത്. 15/07/2021 മുതൽ നിയമനാംഗീകാരം നൽകാൻ മാനേജർക്ക് നിർദ്ദേശം നൽകണമെന്നപേക്ഷിച്ചുകൊണ്ട് ശ്രീമതി ജയപ്രതിഭ ബി.ജെ. നിരവധി നിവേദനങ്ങൾ ബഹു.ആറ്റിങ്ങൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കും ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും നൽകിയെങ്കിലും പരിഗണിക്കപ്പെട്ടില്ല. ചുരുക്കത്തിൽ 11/09/2020 മുതൽ ആദ്യനിയമനം കിട്ടുകയും കോവിഡുമൂലം നിയമനനിരോധനം നിലനിന്നതുമൂലം അംഗീകാരം കിട്ടാതിരുന്ന ശ്രീമതി ജയപ്രതിഭ ബി.ജെ.-യെ 2021-22 ൽ സ്കൂൾ തുറന്നമുറയ്ക്ക് 06/07/2021-ലെ സ.ഉ.(സാധാ)നം.3287/2021/പൊവിവ ഗവൺമെന്റ് ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം 15/07/2021 മുതൽ നിയമിക്കാതിരുന്നതുവഴി ടിയാരിക്ക് സ്വാഭാവികനീതി നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ബഹു. ഹൈക്കോടതിയുടെ 18/01/2021 ലെ വിധിന്യായം പൂർണ്ണമായും അവഗണിക്കുകയും, 04/02/2022 ലെ വിധിന്യായം തെറ്റായ രീതിയിൽ നടപ്പിലാക്കുകയുമാണ് ചെയ്തിരിക്കുന്നത്.

അതേസമയം, 2024-2025-ലെ തസ്തിക നിർണ്ണയത്തിൽ എച്ച്.എസ്.റ്റി. (മലയാളം) ന്റെ ഒരു തസ്തിക ഒരു കുട്ടിയുടെ കുറവുമൂലം കുറവ് ചെയ്യപ്പെട്ടു. ഇതിനെതിരെ മാനേജർ ചട്ടപ്രകാരം നൽകിയ റിവിഷൻ അപ്പീൽ ബഹു. പൊതുവിദ്യാഭ്യാസ ഡയറക്ടർ മുമ്പാകെ പരിഗണനയിലാണ്. തസ്തിക നഷ്ടം വന്ന ശ്രീമതി ജയപ്രതിഭ ബി.ജെ.-യെ റിവിഷൻ അപ്പീൽ നിലവിലുള്ളതിനാൽ അതിന്റെ അന്തിമ തീർപ്പുവരെ സ്വന്തം റിസ്കിൽ സ്കൂളിൽ തുടരാനനുവദിക്കുകയായിരുന്നു.

എന്നാൽ 2025-26 ൽ സ്കൂൾ തുറന്ന തീയതി മുതൽ ശ്രീമതി ജയപ്രതിഭ ബി.ജെ.യെ

ഡ്യൂട്ടിയിൽനിന്നും പുറത്തുനിർത്തിയിരിക്കുകയാണ്. മേൽപറഞ്ഞ സാഹചര്യത്തിൽ, 15/07/2021 മുതൽ ശ്രീമതി ജയപ്രതിഭ ബി.ജെ.-ക്ക് ലഭിക്കേണ്ട നിയമന സീനിയോറിറ്റി പരിഗണിച്ചു. 15/07/2021 മുതൽ നോഷണലായും ജോലിയിൽ പ്രവേശിച്ച 13/01/2022 മുതൽ ശമ്പളമടക്കമുള്ള ആനുകൂല്യങ്ങളോടു കൂടിയുമെന്ന നിലയിൽ ടിയാരിയുടെ നിയമനാംഗീകാര പ്രൊപ്പോസൽ സമന്വയവഴി പുനഃസമർപ്പിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകണമെന്നപേക്ഷിക്കുന്നു. അതുവഴി, 18/01/2021 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കണമെന്നും അതുപോലെ ബഹു. ഹൈക്കോടതിയുടെ 04/02/2022 ലെ വിധിന്യായം തെറ്റായി നടപ്പിലാക്കിയതിലെ അപാകത പരിഹരിച്ച് 15/07/2021 മുതൽ മേൽപ്പറഞ്ഞ പ്രകാരം നിയമനം നൽകി ബഹു. ഹൈക്കോടതി വിധിന്യായങ്ങൾ നടപ്പിലാക്കാനും ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു. റിട്ട് ഹർജി 3537/2021-ന്മേലുള്ള 04/02/2022 ലെ വിധിന്യായത്തിൽ ശ്രീമതി ജയപ്രതിഭ ബി.ജെ.-ക്ക് 13/01/2022 മുതൽ നിയമനം നൽകണമെന്നല്ല ബഹു. ഹൈക്കോടതി പറഞ്ഞിട്ടുള്ളത്. മറിച്ച് 2020 ജൂണിൽ നിലവിൽ വന്ന ഒഴിവിൽ നിയമനം നൽകാനാണ് നിർദ്ദേശിച്ചിരുന്നത്. നിയമന നിരോധനം നീങ്ങിയ ശേഷം, 2021-22 ൽ രാജി, റിട്ടയർമെന്റ്, പ്രമോഷൻ, മരണം തുടങ്ങിയ റെഗുലർ ഒഴിവുകളിൽ 15/07/2021 മുതൽ നിയമനം നടത്താമെന്നുള്ള 06/07/2021-ലെ സ.ഉ.(സാധാ)നം.3287/2021/പൊവിവ ഗവൺമെന്റ് ഉത്തരവിലെ നിർദ്ദേശം കൂടി കണക്കിലെടുത്ത്, 01/06/2020 മുതൽ ഒഴിഞ്ഞുകിടക്കുന്ന ശ്രീ. അബ്ദുൽ ജലീൽ എച്ച്.എസ്.റ്റി (മലയാളം) യുടെ പ്രമോഷൻ ഒഴിവിൽ, 15/07/2021 മുതൽ നോഷണലായും ഡ്യൂട്ടിയിൽ പ്രവേശിച്ച 13/01/2022 മുതൽ ശമ്പളമടക്കമുള്ള ആനുകൂല്യങ്ങളോടെയും എന്ന നിലയിൽ, ശ്രീമതി ജയപ്രതിഭ ബി.ജെ.-യുടെ നിയമനം അംഗീകരിച്ചു കിട്ടാൻ റിവൈസ്ഡ് പ്രപ്പോസൽ സമന്വയ വഴി സമർപ്പിക്കാൻ മാനേജർക്ക് നിർദ്ദേശം നൽകണമെന്നപേക്ഷിക്കുന്നു. അതുവരെ സ്വന്തം റിസ്കിൽ ശ്രീമതി ജയപ്രതിഭ ബി.ജെ.-യെ ഡ്യൂട്ടിയിൽ തുടരാനനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് അപേക്ഷിക്കുന്നു."

**3.വിദ്യാഭ്യാസ ഓഫീസർമാർ താഴെപറയും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.**

"ഇടവ എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. (മലയാളം) അധ്യാപിക ആയിരുന്ന ശ്രീമതി തങ്കമണി 31/03/2020-ന് വിരമിച്ച ഒഴിവിലാണ് ആദ്യമായി ശ്രീമതി ജയപ്രതിഭ ബി.ജെ. യെ 11/09/2020 മുതൽ എച്ച്.എസ്.റ്റി. (മലയാളം) തസ്തികയിൽ നിയമിച്ചു മാനേജർ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പ്രൊപ്പോസൽ സമർപ്പിച്ചത്. കോവിഡ്-19 സാഹചര്യത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാതിരുന്നതിനാൽ മേൽ പ്രപ്പോസൽ 05/10/2020-ലെ ബി4/18726/20 നമ്പർ കത്ത് പ്രകാരം ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ഓഫീസർ തിരികെ നല്കിയിരുന്നു.

പിന്നീട് സ്കൂളിലെ എച്ച്.എസ്.റ്റി. (മലയാളം) അധ്യാപകനായിരുന്ന ശ്രീ.അബ്ദുൾ ജലീലിന് 01/06/2020 മുതൽ പ്രഥമാധ്യാപകൻ ആയി പ്രമോഷൻ ലഭിച്ച ഒഴിവിൽ ടിയാളെ 13/01/2022 മുതൽ നിയമിച്ചു മാനേജർ പ്രപ്പോസൽ സമർപ്പിച്ചു. ആയത് ഭിന്നശേഷി നിയമനം സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി 15/05/2024-ലെ ബി4/137309/23 നമ്പർ ഉത്തരവ് പ്രകാരം ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ഓഫീസർ പ്രൊവിഷണൽ ആയി അംഗീകരിച്ചു നല്കിയിട്ടുണ്ട്.

06/07/2021-ലെ സ.ഉ.(സാധാ)നമ്പർ.3287/2021/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സ്കൂളുകളിൽ 2019-20 വർഷത്തെ തസ്തിക നിർണയം 2020-21, 2021-22 വർഷങ്ങളിലും തുടരാം

എന്നും 15/07/2021 മുതൽ മാനേജർമാർക്ക് നിയമനങ്ങൾ നടത്താം എന്നും പരാമർശിക്കുന്നുണ്ട്. ഇടവ എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്.-ലെ മാനേജർ ശ്രീമതി ജയപ്രതിഭ ബി.ജെ. യുടെ നിയമനം നടത്തിയിരിക്കുന്നത് 13/01/2022 മുതലാണ്. ആയതിനാൽ മേൽ കാലയളവ് മുതൽ മാത്രമേ നിയമനാംഗീകാരം പരിഗണിക്കാൻ സാധിക്കുകയുള്ളു. ശ്രീ.അബ്ദുൾ ജലീലിന്റെ സ്ഥാനക്കയറ്റ ഒഴിവ് ഉണ്ടായത് 01/06/2020 മുതൽ ആയതിനാൽ മേൽ ഒഴിവ് 15/07/2021 മുതൽ 12/01/2022 വരെ നിലവിലുണ്ട്. 2024-25 ലെ തസ്തിക നിർണയത്തിൽ തസ്തികനഷ്ടം സംഭവിച്ച ശ്രീമതി ജയപ്രതിഭ ബി.ജെ. നിലവിൽ തസ്തികയില്ലാതെ പുറത്തുനില്ക്കുകയാണ് എന്ന വിവരം കൂടി അറിയിച്ചുകൊള്ളുന്നു."

4.സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഇടവ എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്. ലെ എച്ച്.എസ്.റ്റി. മലയാളം അധ്യാപിക ആയിരുന്ന ശ്രീമതി തങ്കമണി 31/03/2020-ൽ വിരമിച്ച ഒഴിവിൽ ശ്രീമതി ജയപ്രഭയെ 11/09/2020 മുതൽ എച്ച്.എസ്.റ്റി. മലയാളം തസ്തിയിൽ മാനേജർ നിയമിച്ചു. കോവിഡ് 19 സാഹചര്യത്തിൽ സ്കൂളുകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ ടി പ്രൊപ്പോസൽ അംഗീകരിക്കപ്പെട്ടില്ല.

5.ഇതിനെതിരെ അന്നത്തെ മാനേജരായ ശ്രീമതി കെ.എ.ഹസ്സാന നൽകിയ WP(C)No.176/2021 ഹർജി തീർപ്പാക്കി 18/01/2021 ൽ ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവിൽ സ്കൂൾ ഭാഗികമായി തുറന്ന സാഹചര്യത്തിൽ മാനേജർ ശ്രീമതി ജയപ്രതിഭ ബി.ജെ.യുടെ നിയമനാംഗീകാര പ്രൊപ്പോസൽ പുനഃസമർപ്പിച്ചാൽ ആയത് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിയമാനുസരണം പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ നിയമന നിരോധനം നിലനിന്നിരുന്നതിനാൽ മാനേജർക്ക് ശ്രീമതി ജയപ്രതിഭയുടെ നിയമനാംഗീകര പ്രപ്പോസൽ പുനഃസമർപ്പിക്കാൻ കഴിഞ്ഞില്ല.

6.കോടതിവിധി മാനിച്ച് 2021-22 സ്കൂൾ പൂർണമായി തുറന്ന തീയതി മുതൽ ശ്രീമതി ജയപ്രതിഭയെ സ്കൂളിൽ പ്രവേശിപ്പിക്കുകയോ 15/07/2021 മുതൽ പുനർ നിയമനം നൽകുകയോ ചെയ്തില്ല എന്നും സ്കൂൾ തുറന്ന ദിവസം എത്തിയ മാനേജർ അനുമതിയില്ല എന്ന കാരണം പറഞ്ഞു പ്രവേശിപ്പിച്ചിട്ടില്ല. പിന്നീട് സ്കൂളിലെ എച്ച്.എസ്.റ്റി. മലയാളം അധ്യാപകനായിരുന്ന ശ്രീ.അബ്ദുൽ ജലീൽ 01/06/2020 മുതൽ പ്രഥമാദ്ധ്യാപകൻ ആയി പ്രമോഷൻ ലഭിച്ച ഒഴിവിൽ ശ്രീമതി ജയപ്രതിഭയെ 13/01/2022 മുതൽ നിയമിച്ച് മാനേജർ റിപ്പോർട്ട് സമർപ്പിക്കുകയും ഭിന്നശേഷി നിയമനം സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി പ്രൊപ്പോസൽ അംഗീകരിക്കപ്പെടുകയും ചെയ്തു.

7.റിട്ട് ഹർജി 176/2021-ന്മേലുള്ള 18/01/2021-ലെ വിധിന്യായം മാനേജർ നിയമനപ്രപ്പോസൽ പുനഃസമർപ്പിക്കുന്ന മുറയ്ക്ക് നിയമനാംഗീകാരം പരിഗണിക്കാനാണ് ഉത്തരവായിരുന്നത്. മാനേജർ നിയമനാംഗീകാര പ്രൊപ്പോസൽ പുനഃസമർപ്പിച്ചത് 13/01/2022 മുതലാണ്. ആയതിനാൽ മേൽകാലയളവ് മുതൽ മാത്രമേ നിയമാംഗീകാരം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

8.ടി സ്കൂളിലെ എച്ച്.എസ്.റ്റി. (മലയാളം) അധ്യാപകനായിരുന്ന ശ്രീ.അബ്ദുൾ ജലീലിന് 01/06/2020 മുതൽ പ്രഥമാധ്യാപകൻ ആയി പ്രമോഷൻ ലഭിച്ച ഒഴിവിൽ ടിയാളെ 13/01/2022 മുതൽ നിയമിച്ചു മാനേജർ പ്രപ്പോസൽ സമർപ്പിച്ചതിൻ പ്രകാരം ടി നിയമനം ഭിന്നശേഷി നിയമനം സംബന്ധിച്ച ഉത്തരവുകൾക്ക് വിധേയമായി 15/05/2024-ലെ ബി4/137309/23 നമ്പർ

ഉത്തരവ് പ്രകാരം ആറ്റിങ്ങൽ ജില്ല വിദ്യാഭ്യാസ ഓഫീസർ പ്രൊവിഷണൽ ആയി അംഗീകരിച്ചു നല്കിയിട്ടുണ്ട്.

9.മേൽ സാഹചര്യത്തിൽ പരാമർശം 1 റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ ആയത് നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

ശ്രീമതി ജയപ്രതിഭ ബി.ജെ., എച്ച്.എസ്.റ്റി. (മലയാളം), എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്. ഇടവ, തിരുവനന്തപുരം.
മാനേജർ, എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്. ഇടവ, തിരുവനന്തപുരം.
പ്രധാനാദ്ധ്യാപിക, എം.ആർ.എം.കെ.എം.എം. എച്ച്.എസ്.എസ്. ഇടവ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, തിരുവനന്തപുരം-695 036.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആറ്റിങ്ങൽ.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(28.01.2026 ലെ GE-JA3/609/2025-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/80/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 20-02-2026 15:13:47
സെക്ഷൻ ഓഫീസർ